നം. ഇ 5/41074/2018/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 09.11.2018
ഫോൺ: 0471-2303107

# സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം - മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്ന എം.ഇ.എസ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പ്രൊമോഷനുകൾ തീർപ്പാക്കുന്നത് - അദാലത്ത് - സംബന്ധിച്ച്.

സൂചന:
1. എം.ഇ.എസ് കറസ്പോണ്ടന്റ് & ചെയർമാൻ ന്റെ 28.09.2018 ലെ കത്തു നം.എം.ഇ.എസ്/എസി/ഇ-1674/18.
2. 15.11.2017 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇ1/39601/17/കോ.വി.വ നമ്പർ സർക്കുലർ.

*****

മുസ്ലിം എഡ്യൂക്കേഷണൽ സൊസൈറ്റിയ്ക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പ്രൊമോഷനുകൾ തീർപ്പാക്കുന്നതിന് 2018 നവംബർ 22-ാം തീയതി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകാര്യാലയത്തിൽ വച്ച് അദാലത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അദാലത്തിൽ ഓരോ കോളേജിൽ നിന്നും ഒരു സൂപ്രണ്ടും ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന ഒരു ക്ലാർക്കും പങ്കെടുക്കേണ്ടതാകുന്നു. അദാലത്തിനു മുമ്പ്/വരുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി ഈ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ എയ്ഡഡ് കോളേജ് ഉത്തരവുകൾ & സർക്കുലർ എന്ന ലിങ്കിൽ 15.11.2017 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചന (2) സർക്കുലർ വായിക്കേണ്ടതും അതിൻ പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതുമാകുന്നു. ഈ കാര്യാലയത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും ഇതുവരെ അംഗീകാരം ലഭിക്കാത്തതുമായ പ്രൊപ്പോസലുകളുടെ വിവരങ്ങൾ 2018 നവംബർ 19-ന് ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാകുന്നു.

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ
0471-2303107
dd.colledn@kerala.gov.in

പകർപ്പ്:-

1. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
(meskerala@gmail.com – എന്ന വിലാസത്തിലേക്ക് ഇ-മെയിൽ അയയ്ക്കുന്നതിനും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
2. പ്രിൻസിപ്പാൾ, എം.ഇ.എസ് കോളേജ്, നെടുങ്കണ്ടം
3. പ്രിൻസിപ്പാൾ, എം.ഇ.എസ് കോളേജ്, മാറമ്പള്ളി
4. കറസ്പോണ്ടന്റ് & ചെയർമാൻ, എം.ഇ.എസ് കണ്ണൂർ റോഡ്, നടക്കാവ് പി.ഒ, കോഴിക്കോട്

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പി.ജി—09.11.2018

GOVERNMENT OF KERALA 2017-18